# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:430 10.06.2014 ൽ മറുപടിക്ക്**

**ട്രെയിനുകളുടെ സ്റ്റോപ്പുകൾ നിർത്തലാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. പി. തിലോത്തമൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ വഴി ഓടുന്ന ട്രെയിനുകളിൽ ചിലതിന് അനുവദിച്ചിരുന്ന സ്റ്റോപ്പുകളിൽ പലതും നിർത്തലാക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ഒരിക്കൽ അനുവദിച്ചിരുന്ന സ്റ്റോപ്പുകൾ നിർത്തലാക്കുന്നതിനെതിരെയും പ്രസ്തുത സ്റ്റോപ്പുകൾ നിലനിർത്തുന്നതിനും വേണ്ടി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു വെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. ആറുമാസത്തേക്ക് അനുവദിക്കുന്ന താത്കാലിക സ്റ്റോപ്പുകളാണ് കാലാവധി തീരുന്ന മുറയ്ക്ക് പിൻവലിക്കുന്നത്. തുടർന്നും ഈ സ്റ്റോപ്പുകൾ നിലനിർത്തുന്നതിന് റെയിൽവേയോട് ആവശ്യപ്പെടാവുന്നതാണ്. |
| (ബി) | തിരുവനന്തപുരം - കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസ്സിനും കോച്ചുവേളി - ബാംഗ്ലൂർ എക്സ്പ്രസ്സിനും ചേർത്തലയിൽ അനുവദിച്ചിരുന്ന സ്റ്റോപ്പ് താത്കാലിക മായിരുന്നുവോ എന്ന് അറിയിക്കുമോ; ഈ ട്രെയിനുകളുടെ ചേർത്തലയിലെ സ്റ്റോപ്പ് നിലനിർത്തി ക്കിട്ടണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്തു നൽകുമോ? | (ബി) | രണ്ട് ട്രെയിനുകൾക്കും താത്കാലിക സ്റ്റോപ്പാണ് ചേർത്തല റെയിൽവേ സ്റ്റേഷനിൽ അനുവദിച്ചിരി ക്കുന്നത്. ജനശതാബ്ദി എക്സ്പ്രസിന് 11.02.2014 മുതൽ 11.08.2014 വരെയും കൊച്ചുവേളി ബാംഗ്ലൂർ എക്സ്പ്രസിന് 03.03.2014 മുതൽ 30.06.2014 വരെ യുമാണ് താത്കാലിക സ്റ്റോപ്പ് അനുവദിച്ചിരി ക്കുന്നത്. ടി കാലാവധിക്കുശേഷം ആവശ്യമെങ്കിൽ സ്റ്റോപ്പ് നിലനിർത്തുവാൻ റെയിൽവേയോട് ആവശ്യപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ